# കൊപ്ര തറവിലയിലും താഴ്ന്നിറങ്ങി

നാളികേരോത്പ്പന്നങ്ങൾ കനത്ത വില തകർച്ചയിൽ. അന്താരാഷ്ട്ര വിപണിയിൽ റബർ മികവ് കൈവരിച്ചു. കുരുമുളക് വില മെച്ചപ്പെട്ടു. സ്വർണം മുന്നേറ്റം തുടർന്നു.

നാളികേരോത്പന്ന വിപണി സീസൺ ആരംഭത്തിൽ തന്നെ വിലയിടിവിന്റെ പിടിയിൽ അമർന്നു. കൊപ്രയുടെ നിരക്ക് തറവിലയിലും താഴ്ന്നിറങ്ങിയിട്ടും സർക്കാർ മൗനം പാലിക്കയാണ്. ഈ വർഷം ആദ്യം കൊപ്രയുടെ തറ വില ക്വിൻറലിന് 5,100 രൂപയായി ഉയർത്തിയ കേന്ദ്ര സർക്കാർ വിപണി നിരക്ക് 4,745 ലേക്ക് മൂക്കു കുത്തിയിട്ടും വിപണിയിൽ ഇടപെട്ടില്ല. വാരാദ്യം 5,015–5,100 രൂപയിൽ വിപണനം ആരംഭിച്ച കൊപ്ര വടക്കൻ കേരളത്തിൽ നിന്നുള്ള പുതിയ ചരക്ക് വരവ് ആരംഭിച്ചപ്പോൾ തന്നെ 4745–4900 ലേക്ക് ഇടിഞ്ഞു.